# അടിസ്ഥാനശില ഇട്ടു

റാന്നി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലയ്ക്കൽ ഭദ്രാസനം വകയായുള്ള റാന്നി മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്ററിൽ പുതുക്കിപ്പണിയുന്ന ചാപ്പലിന് ജനുവരി 15-ന് ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത അടിസ്ഥാനശില ഇട്ടു. ഭദ്രാസന സെക്രട്ടറി റവ.ഫാ.ഷൈജു കുര്യൻ, ഭദ്രാസന കൗൺസിൽ അംഗം റവ.ഫാ.ജോജി മാത്യു എന്നിവർ പ്രസംഗിച്ചു. ബഹു.വൈദികർ, സഭാ മാനേജിങ് കമ്മറ്റി അംഗങ്ങൾ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ ഉൾപ്പെടെയുള്ള വിശ്വാസികൾ ചടങ്ങിൽ സംബന്ധിച്ചു.